**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5902** **25-03-2025 - ൽ മറുപടിയ്ക്ക്**

**ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഉദുമ മണ്ഡലത്തിലെ മൈലാട്ടിയിൽ പ്രവർത്തിക്കുന്ന ഉദുമ സ്പിന്നിംഗ് മിൽ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണോയെന്നും ലാഭകരമായി പ്രവർത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (എ) | കാസറഗോഡ് ജില്ലയിലെ മൈലാട്ടിയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപറേഷൻ യൂണിറ്റായ ഉദുമ ടെക്സ്റ്റൈൽ മിൽസ് നിലവിൽ ടെക്സ്റ്റൈൽ മേഖയിലൊന്നാകെ തുടരുന്ന പ്രതിസന്ധിയുടെ ഫലമായി താരതമ്യേനെ കുറഞ്ഞ നഷ്ടത്തിൽ പ്രവർത്തിച്ചുവരികയാണ്. ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നവീകരണ പദ്ധതികളിലൂടെ മില്ലുകളുടെ പ്രവർത്തനക്ഷമതയും ഉല്പാദന ക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി നടപ്പാക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതിയിൽ 2021 - 30 വർഷങ്ങളിലായി ഉദുമ ടെക്സ്റ്റൈൽ മിൽസിനു വേണ്ടി 9.17 കോടി രൂപയുടെ നവീകരണം വിഭാവനം ചെയ്തിരിക്കുന്നു.<br><br>നിലവിലെ വൈദ്യുത പ്രതിസന്ധി തരണം ചെയ്യാൻ സോളാർ പാനലുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച സാമ്പത്തിക വശം പരിശോധിച്ചു വരുന്നു. പെട്രോൾ പമ്പ് പോലെയുള്ള ഇതര വരുമാന മാർഗങ്ങൾ കൂടി കണ്ടെത്തി മില്ലിനെ ലാഭകരമാക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ